"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ച് ഭാരത് മിഷൻ (നഗരം) പദ്ധതിക്കായി അനുവദിച്ച തുകയിൽ നിന്നും തിരികെയെടുത്ത 2570.51 ലക്ഷം രൂപയിൽ ബാക്കി നൽകുവാനുള്ള തുകയും 2019-20 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ ചെലവഴിക്കാൻ കഴിയാതെപോയ 366.40 ലക്ഷം രൂപയും ചേർത്ത് ആകെ 20,44,91,300/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.1484/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, **10/08/2020**

---

പരാമർശം:- 1. 17/06/2016-ലെ സ.ഉ.(സാധാ.) നം.1936/2016/ത.സ്വ.ഭ.വ.

2. 02/02/2017-ലെ സ.ഉ.(സാധാ.) നം.323/2017/ത.സ്വ.ഭ.വ.

3. 23.08.2018-ലെ സ.ഉ.(പി.) നം.51/2018/ധന. നമ്പർ ഉത്തരവ്

4. 22.09.2018-ലെ സ.ഉ.(സാധാ.) നം.2466/2018/ത.സ്വ.ഭ.വ.

5. 28.08.2019-ലെ സ.ഉ.(സാധാ.) നം.1859/2019/ത.സ്വ.ഭ.വ.

6. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.05.2020-ലെ 3036/B1/2019/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2016-2017 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ച് ഭാരത് മിഷൻ (നഗരം) പദ്ധതിക്കായി പരാമർശം (1) & (2) ഉത്തരവുകൾ പ്രകാരം ശുചിത്വ മിഷന് അനുവദിച്ച തുകയിൽ ചെലവഴിച്ച ശേഷം ബാക്കിയുണ്ടായിരുന്ന 2570.51 ലക്ഷം രൂപ ശുചിത്വ മിഷന്റെ അക്കൌണ്ടിൽ പരാമർശം (3) പ്രകാരം സർക്കാർ തിരികെ എടുത്തിരുന്നു. പ്രസ്തുത തുകയിൽ നിന്ന് അടിയന്തിരമായി നഗരസഭകൾക്ക് അനുവദിക്കേണ്ടിയിരുന്ന 392 ലക്ഷം രൂപ, പരാമർശം (4) പ്രകാരം 2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 2217-05-192-70 എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ 2018-2019 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ മതിയായ തുക ലഭ്യമല്ലാതിരുന്നതിനാൽ തുക വിനിയോഗിക്കാൻ കഴിഞ്ഞില്ല. തുടർന്ന് പരാമർശം (5) പ്രകാരം 2019-2020 സാമ്പത്തിക വർഷത്തെ 2217-05-192-70 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ടി തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവായി. ഇതിൽ 25.60 ലക്ഷം രൂപ 2019-2020 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

2. പരാമർശം (3) പ്രകാരം ശുചിത്വ മിഷനിൽ നിന്നും തിരികെ എടുത്ത സ്വച്ച് ഭാരത് മിഷൻ (നഗരം) പദ്ധതിയുടെ 2570.51 ലക്ഷം രൂപയിൽ ഇനി അനുവദിക്കാനുള്ള തുകയും പരാമർശം (5) പ്രകാരം അനുവദിച്ച 392 ലക്ഷം രൂപയിൽ 2019-20 സാമ്പത്തിക

വർഷം ചെലവഴിക്കാൻ കഴിയാതെ പോയ 366.40 ലക്ഷം രൂപയും ചേർത്ത് (സംസ്ഥാന സർക്കാർ 2016 വർഷം അനുപാതത്തിൽ അധികമായി അനുവദിച്ച തുകയായ 500 ലക്ഷം രൂപ കിഴിച്ച്) താഴെ വിശദമാക്കും പ്രകാരം ആകെ 2044.91 ലക്ഷം രൂപ അനുവദിച്ചു നൽകണമെന്ന് ശുചിത്വ മിഷൻ എക്സിക്ക്യൂട്ടീവ് ഡയറക്ടർ പരാമർശം (6) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

| സംസ്ഥാന സർക്കാർ പിൻവലിച്ച തുക | സംസ്ഥാന സർക്കാർ 2016 വർഷം അനുപാതത്തിൽ അധികമായി അനുവദിച്ച തുക | 2019-20-ൽ ചെലവഴിച്ച തുക | ശുചിത്വ മിഷന് ബാക്കി അനുവദിക്കേണ്ട തുക |
|---|---|---|---|
| 2570.51 ലക്ഷം രൂപ | 500 ലക്ഷം രൂപ | 25.60 ലക്ഷം രൂപ | 2044.91 ലക്ഷം രൂപ |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ മിഷന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ച് ഭാരത് മിഷൻ (നഗരം) പദ്ധതിക്കായി അനുവദിച്ച തുകയിൽ നിന്നും പരാമർശം (3) പ്രകാരം സർക്കാർ തിരികെയെടുത്തതിൽ ബാക്കി നൽകുവാനുള്ള തുകയും 2019-20 സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയാതെ പോയ തുകയും ചേർത്ത് ആകെ 20,44,91,300/- രൂപ താഴെ പറയും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

| **ക്രമ നമ്പർ** | **ഘടകം** | **ഹെഡ് ഓഫ് അക്കൗണ്ട്** | **അനുവദിച്ച തുക** |
|---|---|---|---|
| 1 | സ്വച്ച് ഭാരത് മിഷൻ (അർബൻ) മുനിസിപ്പാലിറ്റി | **2217-05-192-70** | **Rs.14,23,76,000/-** |
| 2 | സ്വച്ച് ഭാരത് മിഷൻ (അർബൻ) മുനിസിപ്പൽ കോർപറേഷൻ | **2217-05-191-71** | **Rs.6,21,15,300/-** |
| **ആകെ** | | | **Rs.20,44,91,300/- (ഇരുപത് കോടി നാല്പത്തിനാല് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി മുന്നൂറ് രൂപ)** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ .എസ് .കണ്ണൻ**

**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
ധനകാര്യ (ഡെവ) വകുപ്പ് (Dev2/166/2018/Fin തീയതി 22/07/2020) )

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.08.11 00:12:18 IST
Reason: Approved

സെക്ഷൻ ഓഫീസർ